ലക്കം 32
മാർച്ച് 2023

# Ishal Paithrkam

*Quarterly*

# ഇശൽ പൈതൃകം

ത്രൈമാസിക

മഹാകവി മോയിൻകുട്ടി വൈദ്യർ
മാപ്പിളകലാ അക്കാദമി
കൊണ്ടോട്ടി
സാംസ്കാരിക കാര്യ വകുപ്പ്
കേരള സർക്കാർ

Volume 32
March 2023

ഇശൽ പൈതൃകം
ത്രൈമാസിക
ലക്കം: 32
2023 മാർച്ച്


പകർപ്പാവകാശം: പ്രസാധകർക്ക്



ചീഫ് എഡിറ്റർ
ഡോ. ഹുസൈൻ രണ്ടത്താണി

എഡിറ്റർ
ഡോ. ഷംഷാദ് ഹുസൈൻ. കെ.ടി.

അസോസിയേറ്റ് എഡിറ്റർ
ഡോ. അനീസ് ആലങ്ങാടൻ

എഡിറ്റോറിയൽ ബോർഡ്
ബഷീർ ചുങ്കത്തറ
ഡോ. പി.പി അബ്ദുറസാഖ്
ആലങ്കോട് ലീലാകൃഷ്ണൻ
സൈദലവി ചീരങ്ങോട്ട്

മാനേജിംഗ് കമ്മിറ്റി
ടി.കെ ഹംസ
പുലിക്കോട്ടിൽ ഹൈദരലി
കെ.വി അബൂട്ടി
ഫൈസൽ എളേറ്റിൽ



പ്രസാധകർ
മഹാകവി മോയിൻകുട്ടി വൈദ്യർ
മാപ്പിള കലാ അക്കാദമി
കൊണ്ടോട്ടി: 673 638
ഫോൺ: 0483 2711432


ഇശൽ പൈതൃകത്തിൽ പ്രസിദ്ധീകരിക്കുന്ന രചനകളിലെ ആശയങ്ങൾ മാപ്പിളകലാ അക്കാദമിയുടേതോ, സംസ്ഥാന സർക്കാരിന്റേതോ, സാംസ്കാരിക വകുപ്പിന്റേതോ ആയിരിക്കണമെന്നില്ല. - എഡിറ്റർ


ISSN 2582-
Ishal Paithrka
ISSN: 2582-55
Peer-Review
UGC L
Quarte
Bilingu
Issue
March 20


all rights reserv


Individual Price Rs 50


Edit
Dr. Shamshad hussain K



Printed
LIPI Offi
Malappura

Publishe
Mahakavi Moyinkut
Vaidya
Mappila Kala Akadem
Kondotty, 67363
Ph: 0483-271143

www.mappilakalaacademy.or
www.ishalpaithrkam.inf


copyright rests with the publisher. the authors ar responsible for the con tents and views expressed

കുറുകഥകളിലെ സൂക്ഷ്മരാഷ്ട്രീയം പി.കെ.പാറക്ക 224
ടവിന്റെ കഥകളെ മുൻനിർത്തിയുള്ള വായന
രത് ബി.എസ്

പാർശ്വവത്കരണത്തിന്റെ ഇരട്ടമുഖങ്ങൾ: വിജില ചിറ 238
പ്പാടിന്റെ കവിതയും കാവ്യദർശനവും
ഡോ. ബിന്ദു ടി.വി

നവമാനവികതയും യന്ത്രഭാവനയും അക്ബർ കക്കട്ടി 253
ലിന്റെ കഥകളിൽ
ഡോ. രാഗിണി ഇ.വി

കേരളത്തിലെ നെയ്ത്തുപാരമ്പര്യം: മിത്തും 264
പരാമർശങ്ങളും
ഹരിത എൻ. എസ്

ഭാഷാവീക്ഷണം സസ്യൂറിലും എ ആറിലും 273
പ്രൊഫ. എം ശ്രീനാഥൻ

ആധുനികതയും സൈബർസ്ഥലങ്ങളും സ്ത്രീയ്ക്കു 288
വാഗ്ദാനം ചെയ്യുന്ന സ്വകാര്യ ഇടങ്ങൾ: ഒരു താരത
മ്യവിശകലനം
മുഹമ്മദ് റാഫി എൻ.വി

ISSN:2582-550X

# ആധുനികതയും സൈബർസ്ഥലങ്ങളും സ്ത്രീയ്ക്കു വാഗ്ദാനം ചെയ്യുന്ന സ്വകാര്യ ഇടങ്ങൾ: ഒരു താരതമ്യവിശകലനം

മുഹമ്മദ് റാഫി എൻ.വി

ആധുനികതയുടെ ഉൽപ്പന്നമായ മാനവികതാവാദം ഓരോ വ്യക്തിക്കും തന്റെ വിധിയെ തിരുത്തിയെഴുതുവാനും തന്റെ സ്വത്വത്തെ താൻ ആഗ്രഹിക്കുന്ന രീതിയിൽ സാക്ഷാത്കരിക്കാനും കഴിയുമെന്ന് വാഗ്ദാനം ചെയ്തെങ്കിലും ആ വാഗ്ദാനം ആധുനികതയുടെ സങ്കല്പപുരുഷൻ ആയ വെള്ളക്കാരൻ യൂറോപ്യനെ മാത്രമാണ് അഭിമുഖം നിർത്തിയത്. ഇതരരായ പെണ്ണുങ്ങൾ, കുട്ടികൾ, ഭിന്നലിംഗക്കാർ ജാതിശ്രേണിയിൽ താഴ്ന്നവർ പ്രകൃതി തുടങ്ങിയതൊക്കെ ഭരിക്കപ്പെടുന്നവരും അവരുമായി ഇവ്വിധമായ അധികാരബന്ധം സംരക്ഷിക്കപ്പെടുന്ന പാട്രിയാർക്കിയിൽ അധിഷ്ഠിതവുമായാണ് മാനവികതാമനുഷ്യ സങ്കല്പം ആധുനികതയെ പുൽകിയത്. പൊതുവിടങ്ങൾ മുതിർന്ന പുരുഷന്റേതായി സ്ഥാപിക്കുകയും സ്ത്രീകളെയും കുട്ടികളെയും വീട്, കുടുംബം എന്നീ സ്വകാര്യയിടങ്ങളുടെ വൈകാരികതയിലേക്ക് ഒതുക്കിക്കളയുന്നതുമായ വ്യവസ്ഥിതി, വീടിനെ സ്ത്രീക്ക് സുരക്ഷിതമായ ഇടമായി കണക്കാക്കി. കുടുംബം എന്ന പ്രാഥമിക യൂണിറ്റിന് അതിൽക്കവിഞ്ഞു നൽകിയിട്ടുള്ള വിശുദ്ധപരിവേഷം അതിന്റെ ഭൗതികരൂപമായ വീടിനും ലഭിക്കുന്നു എന്നതാണ് വീടിനെ സുരക്ഷിതത്വവുമായി കൂട്ടിക്കെട്ടുന്നത്. മാനവികാനന്തരഘട്ടത്തിൽ സാധ്യമായ സൈബർ ഇടങ്ങൾ ഇവ്വിധം അധികാരബന്ധങ്ങളാൽ തളച്ചിടപ്പെട്ടവർക്ക് കുറേക്കൂടി

...ധകാര്യമായ സംവേദനത്തിന്റെ സാധ്യതകൾ വാഗ്ദാനം ചെയ്യുന്നു. സ്ത്രീകൾക്ക് അവരുടെ ഉടലിനെപ്പറ്റിയും വിചാരവികാരങ്ങളെപ്പറ്റിയും തുറന്നുപ്രസ്താവിക്കാനുള്ള ഇടം കൂടിയായി മാനവികാനന്തര സൈബർ ഇടം മാറിക്കൊണ്ടിരിക്കുന്നുണ്ട്.

**താക്കോൽ വാക്കുകൾ:** പാട്രിയാർക്കി, അച്ഛന്റെ അധികാരം (പാട്രിയ പൊട്ടെസ്റ്റസ്), മാനവികതാവാദം, പോസ്റ്റ് ഹ്യൂമനിസം, സൈബോർഗ്, ജൈവകേന്ദ്രിത പരിസ്ഥിതിവാദം, ഫെമിനിസം.

മാനവികതാവാദം/മാനവവാദം (Humanism) എന്ന സങ്കല്പത്തിലെ വ്യക്തിസ്വാതന്ത്ര്യത്തെയും സ്വത്വത്തെയും വിശകലനത്തിനെടുത്താൽ മാത്രമേ, സൈബോർഗ് കാലത്തെ സ്വാതന്ത്ര്യസങ്കല്പം, വ്യക്തിയുടെ സ്വകാര്യ ഇടം തുടങ്ങിയവയെ അതുമായി ഒട്ടിച്ചുനോക്കാനും താരതമ്യവിശകലനം നടത്താനും സാധിക്കുകയുള്ളൂ. ഹ്യൂമനിസം ആധുനികതയുടെ ഒരു ഉല്പന്നം ആയതുകൊണ്ടുതന്നെ ആധുനികതാവിമർശത്തിലെ പലവസ്തുതകളും ഇതിനും ബാധകമാണ്. സ്വാതന്ത്ര്യം എന്ന സങ്കല്പം തന്നെ ആപേക്ഷികമായ ഒന്നാണ്. ഒരു വ്യക്തിയെ സംബന്ധിച്ചിടത്തോളം അവന്റെ ജീവിതദർശനം, വിശ്വാസം, ആചാരം എന്നുവേണ്ട ശരീരം, ലിംഗസമത്വം തുടങ്ങിയവയിലെല്ലാം പരമാധികാരമാണ് ഹ്യൂമനിസം വിഭാവനം ചെയ്തത്. ഓരോ വ്യക്തിക്കും തന്റെ വിധിയെ തിരുത്തിയെഴുതാനും തന്റെ സ്വത്വത്തെ താനാഗ്രഹിക്കുന്ന രീതിയിൽ സാക്ഷാത്ക്കരിക്കാനും കഴിയുമെന്നും മാനവികതാവാദം ഉദ്ഘോഷിച്ചു. തന്റേതായ 'ഇടം' സൃഷ്ടിക്കാനും അവിടെ ആത്യന്തികമായ സ്വാതന്ത്ര്യം അനുഭവിക്കാനും ഹ്യൂമനിസത്തിൽ സാധ്യതയുണ്ട്. എന്നാൽ ആധുനികത ശരിക്കും ചെയ്തത് ഈ ഇടമുള്ള പ്രിവിലേജ്ഡ് വ്യക്തിയുടെ സ്ഥാനത്ത് പാട്രിയാർക്കൽ ആയ പുരുഷനെ പ്രതിഷ്ഠിക്കുകയാണ്. ഈ പുരുഷൻ പലവിധത്തിലുള്ള അധികാരബന്ധങ്ങൾ സാമൂഹിക സ്ഥാപനങ്ങളിലെ വ്യക്തികളുമായി സൂക്ഷിച്ചുപോന്നു. ജാതിയുടെയും ലിംഗപരതയുടെയും വർണത്തിന്റെയും മറ്റും പ്രിവിലേജുകൾ അനുഭവിക്കുന്ന ഈ പുരുഷനിൽ നിന്നുള്ള സ്വാതന്ത്ര്യത്തിനുവേണ്ടിക്കൂടിയാണ് ഫെമിനിസ്റ്റ് പ്രസ്ഥാനങ്ങളും ബ്ലാക്ക് ലിറ്ററേച്ചറും ദളിത് സാഹിത്യവും പരിസ്ഥിതി സൗന്ദര്യശാസ്ത്രവുമെല്ലാം ആധുനികതയുടെ കാലത്ത് ലോകമെമ്പാടും ഉയിർത്തെഴുന്നേറ്റത് എന്നും പറയാം. സ്വന്തമായി ഒരു മുറി എന്ന ആശയത്തെ നോക്കുക. 'ഒരു സ്ത്രീക്ക് ഫിക്ഷൻ എഴുതണമെങ്കിൽ പണവും സ്വന്തമായി ഒരു മുറിയും' (Woolf Virginia : 1935, 5) ഉണ്ടായിരിക്കണം. സ്ത്രീ ഒരു ആശയത്തെക്കുറിച്ച് ചിന്തിക്കാൻ തുട

ത്തുമ്പോൾ, ഒരു ഗാർഡ് സ്ത്രീകൾക്കു പുല്ലിൽ നടക്കാൻ പാടില്ല എന്ന നിയമം നടപ്പിലാക്കുന്നു. നിയമം അനുസരിക്കുന്ന സ്ത്രീക്ക് അവളുടെ ആശയം നഷ്ടപ്പെടുന്നു. സ്ത്രീകളുടെ സാമൂഹികപ്രതീക്ഷകളുടെ സ്വാധീനത്തെ വൂൾഫ് വിവരിക്കുന്നത് കേവലം ഗാർഹികമായി കുട്ടികളെ പ്രസവിക്കുന്നവരും അങ്ങനെയും നിർമലരും ആയിട്ടാണ്. ആധുനികതയിൽ നേരത്തെ സൂചിപ്പിച്ചവിധം പ്രിവിലേജ്ഡ് ആയ പുരുഷൻ എന്ന വിഭാഗത്തിന്റെ നിർമ്മിതിക്കുശേഷം സംഭവിച്ച മറ്റൊരു കാര്യം ഇയാളിൽനിന്ന് പാട്രിയാർക്കി പെണ്ണുങ്ങളിലേക്കും പടർന്നു എന്നതാണ്. ആധുനികതയുടെ നിർമ്മിതിയായ മാനവികതാസങ്കല്പത്തിലെ പിതൃആധികാരബോധം സൂക്ഷിക്കുന്ന പെണ്ണിനെയും അതു [illegible] നിർമ്മിച്ചെടുത്തു.

ഭൗതികവും ബൗദ്ധികവും ശാരീരികവും വൈകാരികവുമായ സങ്കല്പമാണ് സ്വാതന്ത്ര്യം എന്നത്. ഓരോ വ്യക്തിയും പ്രതിജനഭിന്നമായ രീതിയിൽതന്നെ തന്റേതായ ഇടങ്ങൾ സ്വപ്നം കാണുകയും തടസ്സങ്ങളില്ലാതെ ചിന്തിക്കാനും ആശയങ്ങൾ രൂപപ്പെടുത്താനും മറ്റുള്ളവരോട് സംവദിക്കാനും ഇടപെടാനും ആഗ്രഹിക്കുകയും ചെയ്യുന്നു. അതുകൊണ്ടുതന്നെ ഒരു വ്യക്തി ആത്യന്തികമായ സ്വാതന്ത്ര്യം അനുഭവിക്കുന്നത് തന്റേതായ ഇടങ്ങളിലൂടെയാണെന്നു പറയാം. ഇത്തരത്തിൽ സ്വന്തം ശരീരത്തിന്റെയും മനസ്സിന്റെയും ഒക്കെ മുകളിൽ പരമാധികാരമുള്ള ഒന്നാണ് ഇവിടെ വിവക്ഷിക്കുന്ന സ്വാതന്ത്ര്യം. ഹ്യൂമനിസം വിഭാവനം ചെയ്ത 'സ്വതന്ത്രനായ വ്യക്തി' ഇത്തരത്തിൽ സാമൂഹിക, സാമ്പത്തിക, രാഷ്ട്രീയാധികാരങ്ങളും ഇടങ്ങളുമൊക്കെ ഉള്ള വ്യക്തിയാണ്. എന്നാൽ നേരത്തെ സൂചിപ്പിച്ചവിധം അത് പാട്രിയാർക്കി സൂക്ഷിക്കുന്ന അധികാരബന്ധങ്ങളിൽ അധിഷ്ഠിതമായാണു പ്രാവർത്തികമായതെന്നുമാത്രം. ഇവിടെ സംഭവിച്ചത് സ്വാതന്ത്ര്യത്തിന്റെ ലിംഗപരമായി അസന്തുലിതമായ വിതരണം കൂടിയായിരുന്നു. ഒന്നുകൂടി വിശദീകരിച്ചാൽ, ആധുനികതാവാദത്തിന്റെയും അതിന്റെ സൃഷ്ടിയായിരുന്ന മാനവികതാവാദത്തിന്റെയും 'സ്വതന്ത്രവ്യക്തി' എന്ന ആശയം ജാതി, മത, ലിംഗ, വർഗപരമായ പ്രിവിലേജുകൾ അനുഭവിക്കുന്ന ഒരു വിഭാഗത്തെ മാത്രമേ ഉൾക്കൊണ്ടുള്ളൂ. ഹ്യൂമനിസം വിഭാവനം ചെയ്ത 'സ്വതന്ത്രവ്യക്തി' ജാതിയുടെയും മതത്തിന്റെയും ലിംഗഭേദത്തിന്റെയും പ്രിവിലേജ് അനുഭവിക്കുന്ന ഒരു പുരുഷൻ മാത്രമായിത്തീർന്നു. അവനു ലഭിച്ച ഇടങ്ങൾ പെണ്ണിനോ ഭിന്നലിംഗക്കാർക്കോ ലഭിച്ചിരുന്നില്ല എന്നതും വാസ്തവമായിരു-





ന്നു. സൗഹൃദങ്ങളും കാമനകളും യാത്രകളും മറ്റുള്ള ആഗ്രഹങ്ങളും വേണ്ടത്ര ഈ പുരുഷന് ലഭ്യമായപ്പോൾ പെണ്ണനുഭവങ്ങളിൽ സന്തുലിതമായതോ ഭാഗികമായതോ ആയ വിതരണംപോലും നടന്നില്ല. പെണ്ണുങ്ങൾക്ക് അഭിപ്രായങ്ങൾ വെട്ടിത്തുറന്നുപറയാനും ഭർത്താക്കന്മാരല്ലാത്ത പുരുഷന്മാരുമായി സൗഹൃദം സാധ്യമാവാനും ഉള്ള സാധ്യതകൾ വളരെ പരിമിതമായിരുന്നു എന്നു പറയാം.

സ്വതന്ത്രനായ പുരുഷൻ കേന്ദ്രമായുള്ള സമൂഹം സ്ത്രീക്ക് നൽകുന്ന രണ്ടാംതരം ലിംഗപദവിയാണ് സ്ത്രീയുടെ സ്വാതന്ത്ര്യത്തെ രൂപപ്പെടുത്തുന്നത്. മുൻപു സൂചിപ്പിച്ചതുപോലെ, ഇവിടെ സ്വാതന്ത്ര്യം എന്ന ആശയം ചേർന്നുനിൽക്കുന്നത് വ്യക്തിയെ പരിമിതികൾക്കപ്പുറം ചിന്തിക്കാനും വളരാനും അനുവദിക്കുന്ന ഇടങ്ങളുമായാണ്. പുരുഷാധിപത്യം സമൂഹത്തിന്റെ ഇടങ്ങളെ സ്ത്രീക്കും പുരുഷനുമായി വിഭജിച്ചുനൽകുന്നുണ്ട്. പൊതുവിടങ്ങൾ പുരുഷന്റേതായി സ്ഥാപിക്കുന്നതും, സ്ത്രീയെ, വീട്, കുടുംബം, ഹോസ്റ്റൽ തുടങ്ങിയ സ്വകാര്യയിടങ്ങളുടെ വൈകാരികതയിലേക്ക് ഒതുക്കിക്കളയുന്നതുമായ വ്യവസ്ഥിതി. വീടിനെ സ്ത്രീക്ക് സുരക്ഷിതമായ ഇടമായാണ് പൊതുവേ കണക്കാക്കുന്നത്. കുടുംബം എന്ന പ്രാഥമികയൂണിറ്റിന് അതിൽകവിഞ്ഞു നൽകിയിട്ടുള്ള വിശുദ്ധപരിവേഷം അതിന്റെ ഭൗതികരൂപമായ വീടിനും ലഭിക്കുന്നു, എന്നതാണ് വീടിനെ സുരക്ഷിതത്വവുമായി കൂട്ടിക്കെട്ടുന്നത്. സിൽവിയ വാൾബി എന്ന ഫെമിനിസ്റ്റ് ചിന്തകയുടെ അഭിപ്രായത്തിൽ വീട്/ കുടുംബം എന്നത് അതിശക്തമായ ഒരു ലിംഗവിവേചന ഭൂമികയാണ് (Kamala Bhasin, 2017). അത് നിലനിർത്തുന്നത് സ്ത്രീയുടെ ഉത്പാദന-പ്രത്യുൽപാദന ഊർജത്തെയും അധ്വാനത്തെയും ചൂഷണം ചെയ്താണെന്നും വാൾബി പറയുന്നുണ്ട്. ഇത് സാധ്യമാവുന്നത് സ്ത്രീക്ക് സ്വതന്ത്രമായി ചിന്തിക്കാനുള്ള ഇടങ്ങളെ ഇല്ലായ്മ ചെയ്തുകൊണ്ടാണ്. പ്രസ്തുതപഠനത്തിൽ ദൈനംദിനജീവിതത്തിൽ സ്ത്രീകൾ ഇത് തിരിച്ചറിയാൻ സഹായിക്കുന്ന വിധം അവർ ചില സൂചകങ്ങൾ എടുത്തെഴുതുന്നു. അവ ഇതാണ് "I have to help my mother with the household work, my brothers don't" (Burden of household work on women and young girls) "It was a struggle to go to school. My father thought it was not necessary for us girls to study" (Lack of educational opportunities for) "I could not go out to meet friends or to play". "My brothers can come back at any time but I have to be back before dark" (Lack of freedom and mobility for girls) "My

father used to often beat my mother." (Wife-battering) "My brothers are worse than my father. They don't want me to talk to any boys." (Male control over women and girls) "Because I was not willing to give in to the demands of my boss I was thrown out of my job." (Sexual harassment at work)

"I have no share in my father's property. My husband's property is also not mine. Actually there is no home I can call my own." (Lack of inheritance or property rights for women.

"I have to submit my body to my husband whenever he wants it. I have no say. I fear sex. Don't enjoy it" (Male control over women's bodies and sexuality).

ആധുനികത രൂപീകരിച്ച അണുകുടുംബം അധിവസിക്കുന്ന വീട് എന്ന ഭൗതികയിടം സൂക്ഷിക്കുകയും പാരമ്പര്യമായി പരിപാലിക്കുകയും ചെയ്തുപോരുന്ന അധികാരബന്ധങ്ങളും സാമൂഹിക വ്യവസ്ഥയും അതിനുള്ളിലെ സാമ്പത്തികവ്യവസ്ഥയും പുരുഷാധിപത്യമൂല്യബോധത്തെ പുനരുത്പാദിപ്പിക്കുന്ന ഒരു കോർപറേറ്റ് യൂണിറ്റ് ആയാണ് പ്രവർത്തിച്ചത്. അത് നടത്തുന്ന വൈകാരിക വിലപേശലുകൾ കാരണം പലപ്പോഴും സ്വന്തം ഇടങ്ങൾ നഷ്ടപ്പെടുന്നത് സ്ത്രീകൾ അറിയുന്നില്ല. നിറയെ മുറികളുള്ള വീടുകളിൽപോലും സ്ത്രീകൾക്ക് മാത്രമായൊരു മുറി ഉണ്ടാവാനുള്ള സാധ്യത കുറവാണ്. പലപ്പോഴും സ്ത്രീകളുടെ മുറികൾ പൊതുവിടങ്ങൾ എന്ന രീതിയിൽ ആർക്കും കയറിയിറങ്ങാവുന്ന തരത്തിലായിരിക്കും. അല്ലെങ്കിൽ സ്വന്തമായുള്ള മുറിയിൽ ഉറങ്ങാനുള്ള സമയമൊഴികെ വാതിൽ അടച്ചിരിക്കാനുള്ള സ്വാതന്ത്ര്യം എത്ര സ്ത്രീകൾക്കായിരിക്കും ഉണ്ടാവുക?

സൈബറോഗ്, പോസ്റ്റ് ഹ്യൂമൻ എന്നൊക്കെ വിശേഷിപ്പിക്കാവുന്ന മാനവികതാനന്തരഘട്ടം പെണ്ണുങ്ങൾക്ക് പുതിയ ഇടങ്ങൾ വാഗ്ദാനം ചെയ്യുന്നു എന്നതു തന്നെയാണ് പ്രധാനം. അതോടൊപ്പം അവർ പരിമിതമായ തോതിൽ എങ്കിലും അനുഭവിച്ചിരുന്ന സ്വകാര്യ ഇടത്തെ റദ്ദുചെയ്യുന്നവിധം കിടപ്പുമുറിയിലേക്കുള്ള വഴികളിൽപോലും സർവയലൻസും സൈബറോഗ് ഘട്ടത്തിൽ അവരെ പിന്തുടരുന്നു. സോഷ്യൽ മീഡിയ തുറന്നുപറച്ചിലുകൾക്കുള്ള ഇടമൊരുക്കുന്നതിലുപരി സ്വകാര്യഇടം എന്ന നിലയിൽ വികസിപ്പിച്ചുവന്ന സംവേദന ഇടങ്ങൾ തന്നെയാണ് പ്രധാനം. അതൊരുക്കിയ വോയിസ് ചാറ്റും ടെക്സ്റ്റ് ചാറ്റും ഒക്കെ മറ്റുള്ളവരുമായി





ഷെയർ ചെയ്യേണ്ടാത്ത പ്രൈവറ്റ് സ്പേസ് (ഏകാന്തതാലോകങ്ങൾ) നിർമിക്കുന്നു. ഇത് കുടുംബത്തിൽ സമയവും വീടിനകത്ത് ചെലവഴിക്കേണ്ടിവരുന്ന പെണ്ണിനാണ് താരതമ്യേന സ്വകാര്യവും സ്വാതന്ത്ര്യവുമായ ഇടം ഒരുക്കിക്കൊടുക്കുന്നത്. പുതുതായി രൂപപ്പെട്ടുവന്ന ഈ സൈബർ സ്പേയിസ് പെണ്ണുങ്ങൾ പൊതുഇടമായിക്കണ്ട് ആഘോഷിക്കുന്നതിനുദാഹരണമാണ് ആർത്തവകാലത്തെ തുണിയും മെൻസ്ട്രുവൽ കപ്പും മറ്റും അവർ ഫേസ്ബുക്കിൽ ചർച്ചയാക്കിമാറ്റുന്നത്. സ്ത്രീകൾ അവരുടെ ഉടലിനെപ്പറ്റി അതിന്റെ ജൈവികമായ പ്രശ്നങ്ങളും സാധ്യതകളും ഒക്കെ തുറന്നു പ്രഖ്യാപിക്കുന്നു. ഒരുപക്ഷേ, സൈബറിടം എന്ന ഈ പുതുസ്ഥലം രൂപപ്പെട്ടുവന്നപ്പോൾ പെണ്ണുടൽ മുമ്പില്ലാത്തവിധം ആഘോഷിച്ചെന്നോ അപ്ഡേറ്റ് ചെയ്തു എന്നുതന്നെ പറയാം.

സിമോൺ ദ ബുവ്വേ 1949 ൽ തന്നെ പറഞ്ഞുവച്ചിട്ടുണ്ട്: 'നിങ്ങൾ ആണുങ്ങൾ കാണുകയും നിർവചിക്കുകയും വിശദീകരിക്കുകയും ചെയ്ത ശരീരമല്ല ഞങ്ങൾ പെണ്ണുങ്ങളുടേത്. നിങ്ങൾ കാണുന്ന അവയവമല്ല ഞങ്ങൾ; നിങ്ങൾ നിർദ്ദേശിച്ച ധർമങ്ങൾ അല്ല ഞങ്ങളുടെ അവയവങ്ങൾക്ക്. നിങ്ങൾ കരുതുന്ന വേദനയോ ആനന്ദമോ മൂർച്ഛയോ അല്ല ഞങ്ങൾ അനുഭവിക്കുന്നത്. അവിടെ അല്ല ഞങ്ങൾക്ക് എന്തെങ്കിലും' (Dr Geetha P. 2017, 133).

പുരുഷത്തിൽ മാനവികതാധുനികതയിലെ മനുഷ്യൻ എന്ന സങ്കല്പം യൂറോപ്യനായ വെളുത്ത പുരുഷൻ ആയിരുന്നു. ലോകമെമ്പാടുമുണ്ടായിരുന്ന കറുത്തവർഗക്കാരും [illegible] മൈക്കോയായ ജനത ഈ 'വെള്ളക്കാരനോട്' ചേർക്കപ്പെടുന്ന അധിനിവേശസാമ്രാജ്യത്തിലെ പൗരന്മാരായിത്തീരുകയാണുണ്ടായത്. സാമൂഹികസ്ഥാപനങ്ങളുടെ രൂപത്തിൽ നിലനിൽക്കുന്ന കുടുംബമടക്കമുള്ള മൈക്രോ സാമ്രാജ്യങ്ങളിൽ വരെ അധികാരബന്ധത്തിന്റെ രൂപത്തിൽ പാട്രിയാർക്കി പ്രവർത്തിക്കുകയും മേൽപറഞ്ഞ ഇതര് ഈ സ്ഥാപനങ്ങളിൽ ഒരുതരത്തിലുള്ള ആന്തരികകോളനിവൽക്കരണത്തിന് വിധേയമായിത്തീരുകയും ചെയ്തു. കുടുംബത്തിനകത്ത് പ്രവർത്തിക്കുന്ന ഈ അധികാരത്തെപ്പറ്റി മാക്സ് വെബർ ഇങ്ങനെ പറയുന്നുണ്ട്:

'അച്ഛന്റെ അധികാരം (patria potestas) അഥവാ പിതൃ അധികാരം എന്നത് റോമൻ നിയമ സങ്കല്പമാണ്. പാട്രിയാർക്കൽ കുടുംബത്തിന്റെ വേരുകൾ സ്ഥിതിചെയ്യുന്നത് അവിടെയാണ്. ആ നിയമപ്രകാരം കുടുംബത്തിലെ ഏറ്റവും മുതിർന്ന പുരുഷൻ സമ്പൂർണ

അധികാരിയായിരിക്കും. പുരുഷന്മാരും ബാക്കിയുള്ള മുഴുവൻ സ്ത്രീകളും കുട്ടികളും ജോലിക്കാരും കൈ അടങ്ങുന്നവരുടെ മേൽ കുടുംബനാഥനുള്ള അധികാരം നിരുപാധികം ആയിരിക്കും.' (Kurup R.S., 2018). ജൂഡിത് ബട്‌ലറിന്റെ ഈ നിരീക്ഷണത്തിൽ സൂചിപ്പിക്കുന്ന സംഗതി കുടുംബം എന്ന സാമൂഹികസ്ഥാപനം അതിലെ അംഗങ്ങളെ അഭ്യസിപ്പിക്കുന്ന പിതൃമേധികാരസംബന്ധിയായ തെറ്റായ വിദ്യാഭ്യാസത്തെക്കുറിച്ചാണ്. കുടുംബം ഒരു സാമൂഹികസ്ഥാപനം ആയതുകൊണ്ടുതന്നെ അത് ചെറുപ്പത്തിലേ അതിലെ അംഗങ്ങൾക്ക് ഇരുട്ടിലുള്ള സ്ത്രീവിരുദ്ധമായ അവബോധം നൽകുകയും പിന്നീട് ഈ അവബോധം പുരുഷന്മാരും സ്ത്രീകളും സമൂഹത്തിൽ നിർമ്മിക്കുകയും അവർ മറ്റു സാമൂഹികസ്ഥാപനങ്ങളിലും പൊതുബോധത്തിലും ഇതു പടർത്തുകയും ചെയ്യുന്നു. മാനവികവാദപരമായ സംഗതികൾ ഇവിടെ നിലനിന്ന കാലം ഇത്രത്തോളം അധികാരബന്ധം സൂക്ഷിക്കുന്ന പുരുഷനെ നിർമ്മിക്കുകയും പെണ്ണും മറ്റും ഭിന്ന ലൈംഗികവും ഒക്കെയായ മനുഷ്യസംവർഗ്ഗം സ്വതന്ത്ര അസ്തിത്വത്തിന് പര്യാപ്തമല്ലെന്ന അവബോധം സൂക്ഷിക്കുകയുമാണ് ചെയ്തത്. പറഞ്ഞുവന്നത് മാനവികതാവാദത്തിന്റെ പരിസരത്ത് സ്ത്രീക്കും പരിസ്ഥിതിക്കും മറ്റു ദുർബലമായ അസ്തിത്വം ഉള്ളവർക്കും കാര്യമായ അസ്തിത്വമോ സമ്പൂർണ്ണ സ്വാതന്ത്ര്യമോ ഒരു കല്പിച്ചുനൽകിയില്ല എന്നാണ്. പരിസ്ഥിതിയെ സംബന്ധിച്ച് പറയുകയാണെങ്കിൽ, പ്രകൃതിചിന്തയുടെ രണ്ടാംഘട്ടത്തിലാണ് മനുഷ്യനുവേണ്ടിയല്ലാതെ മനുഷ്യേതരരുടെ സ്വത്വത്തിനു വേണ്ടിയുള്ള നിലനില്പുചിന്ത എന്ന ആശയം അഥവാ ജൈവകേന്ദ്രിത പാരിസ്ഥിതികതാവാദം കടന്നുവന്നത്.

'പ്രപഞ്ചത്തിലെ ചരാചരങ്ങളെല്ലാം അവയുടെ ഉണ്മയെ പരിരക്ഷിക്കാനും വികസിപ്പിക്കാനും ശ്രമിക്കുന്നു എന്ന ആശയം സ്പിനോസൻ ചിന്തയിലെ കേന്ദ്രപ്രമേയമാണ്. ഇത്തരമൊരു ശേഷി മനുഷ്യപ്രകൃതത്തിന്റെയും ഭാഗമാണ്. ഈ ശേഷിയെയാണ് സ്പിനോസ "കോണാറ്റസ്" എന്ന ലാറ്റിൻപദംകൊണ്ട് സൂചിപ്പിക്കുന്നത്.' (Negri Antonio 1991, 167-168). ഈ പ്രപഞ്ചം ഒരു സമഗ്രസംവർഗം എന്ന നിലയിൽ വികസിച്ചുവരേണ്ടതിന്റെ സൂക്ഷ്മരാഷ്ട്രീയത്തിൽ പ്രകൃതിയും പെണ്ണും കുട്ടികളും ദളിതും കറുമ്പരും മുഖ്യധാരയിൽ ഇല്ലാത്ത, ഇതരലൈംഗികപ്രതിനിധാനങ്ങളും എല്ലാം അവരവരുടേതായ ഇടവും സ്വാതന്ത്ര്യവും അസ്തിത്വവും തിരിച്ചുപിടിക്കുന്നത് ആധുനികതാവാദത്തെയും അതിന്റെ സംഭാവനയായ മാനവികതയെയും ചോദ്യം ചെയ്തുകൊണ്ടുതന്നെയായിരിക്കും. മനുഷ്യേതര മാനവികത എന്ന റൊസിബ്രെയ്ഡോട്ടിയൻ ആശയക്കിടാവിന്റെ അവതാരപ്പിറവി കുറേക്കൂടി സ്വതന്ത്രമായ അസ്തിത്വവും ഇടവും നേരത്തെ സൂചിപ്പിച്ച വെള്ളക്കാരനായി മാറ്റിനിർത്തപ്പെടുകയും ദമിതമാക്കപ്പെടുകയും ചെയ്ത വിഭാഗങ്ങൾക്കെല്ലാം വാഗ്ദാനം ചെയ്യുന്നു എന്നതാണു കാര്യം. മനുഷ്യപ്രാപ്തികൾക്കു മാത്രമല്ല, സാങ്കേതിക സംഭാഷണങ്ങൾക്കും ഉതകുന്ന ഈ റൊസിബ്രെയ്ഡോട്ടിയൻ സഹകാര്യത, ഷെയർ ചെയ്യപ്പെടാനാവാത്ത ഒന്നും നാം മുന്നോട്ടുവെക്കാൻ ആവശ്യപ്പെടുന്നത് അങ്ങേയറ്റമായി നിർവ്വചിക്കപ്പെടുന്നതും കൂടിയായ ഇടമായി രൂപപ്പെടുന്നു. അവിടെ മനുഷ്യൻ എന്ന സമഗ്ര സംവർഗത്തിനകത്തെ എല്ലാത്തരം ഭിന്നവിഭാഗങ്ങൾക്കും ലിംഗങ്ങൾക്കും വസ്തുതകൾക്കും ഇതരജീവിവർഗ്ഗങ്ങൾക്കും യന്ത്രങ്ങൾക്കും ഇടമുണ്ടാവണമെന്നുണ്ട്. മാനവികതാവാദത്തിന്റെ പുതുക്കിപ്പണിയലും നവജനാധിപത്യവും സാധ്യമാവുക അങ്ങനെയാണ്. മാനവികചിന്ത മരിച്ചുകിടക്കുന്ന ഇടത്ത് പിന്നീട് വളമായി പോസ്റ്റ് ഹ്യൂമനിസം വളർന്നേക്കും.

റെഫറൻസ്:


Woolf Virginia. (1935) *A Room of One's own*, London: Hogarth Press

Kamla Bhasin. (1993) *What is Patriarchy?*, New Delhi: Kali for Women. (Posted on August 30, 2017 by dalit online)

ഗീത. പി. ഡോ., (2017), ഇടം, കെ. ഒരു. നാരായണൻ. *ഭാഷാശാസ്ത്ര വിചാര മാതൃകകൾ*, (എഡി.) ആധുനിക UC കോളേജ്

കുറുപ്പ് ആർ.എസ്., (2018) സമകാലിക മലയാളം വാരിക Langgiathrayam rashtreeyam RS Kurupp Samakalika Malayalam Weekly Published 04th November 2018 എന്ന ലേഖനത്തിൽ Judith butler Gender Trouble, Feminism and the subversion of identity, Routlege, New York, 1999 എന്നതിൽ ഉദ്ധരിച്ചത്.

Negri, Marx Beyond Marx 167-168 Translated by Harry Cleaver Michel Ryan and Maurizio Viano Edited By Jim Fleming Pluto Press London England



Dr. Muhammed Rafi N. V
Assistant Professor
School of Literature Studies
Thuncheth Ezhuthachan Malayalam University
Vakkad, Tirur
Pin 676502
Email drrafi@temu.ac.in
Ph +91 9447275854
ORCID 0009-0009-8511-427X

ഡോ. കെ. എസ്. ഹക്കിം, അസിസ്റ്റൻ്റ് പ്രൊഫസർ, സോഷ്യോള ജി സ്കൂൾ, തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാല, തിരൂർ–676502, 9958416456, kshakim@temu.ac.in

ഡോ. അശോക് ഡിക്രൂസ്, അസിസ്റ്റൻ്റ് പ്രൊഫസർ & ഡയറക്ടർ, സാഹിത്യരചന സ്കൂൾ, തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാല, തിരൂർ – 676502, 9447060757, drashok@temu.ac.in

സജിത കിഴിനിപ്പുറത്ത് , അസോ. പ്രൊഫസർ , മലയാളവിഭാഗം, ഗവ. ആർട്സ് & സയൻസ് കോളേജ്, കാലിക്കറ്റ്, 673018, 9495721540, sajithakizhini@gmail.com

ഡോ. ലിസി മാത്യു വി., പ്രൊഫസർ, മലയാളവിഭാഗം, ശ്രീശങ്കരാചാര്യ സംസ്കൃത സർവകലാശാല , കാലടി 683574, jamanthi@gmail.com, 9447156607

മുഹമ്മദ് റാഫി എൻ വി. , അസിസ്റ്റൻ്റ് പ്രൊഫസർ,, സാഹിത്യപഠന സ്കൂൾ, തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാല, തിരൂർ–676502, 9447275854, drrafi@temu.ac.in